"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്ത് എക്സിക്യുട്ടീവ് ഓഫീസറായിരുന്ന 28.09.2016-ൽ അന്തരിച്ച വി.ശ്രീനിവാസന്റെ 08.02.1983 മുതൽ 31.12.1989 വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2863/2025/LSGD തീയതി,തിരുവനന്തപുരം, 23-11-2025

---

പരാമർശം:-
1. പഞ്ചായത്ത് ഡയറക്ടറുടെ 02/12/2022 ലെ PAN/3462/2019-D1 (DP) നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25/11/2024, 25/02/2025 എന്നീ തീയതികളിലെ LSGD/PD/7017/2023-VIGD4 നമ്പർ കത്തുകൾ.
3. ശ്രീ വി.സുനിൽ 20/01/2025- ന് സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്ത് എക്സിക്യുട്ടീവ് ഓഫീസറായിരുന്ന വി.ശ്രീനിവാസൻ, 08.02.1983-ന് സസ്പെന്റ് ചെയ്യപ്പെടുകയും, സസ്പെൻഷനിലിരിക്കെ 31.12.1989-ൽ വിരമിക്കുകയും ചെയ്തിരുന്നെന്നും, ടിയാനെതിരായുണ്ടായിരുന്ന കേസുകൾ 03/06/2002 ൽ ബഹു. ഹൈക്കോടതി അന്തിമമായി തള്ളുകയുണ്ടായെന്നും, അതിനാൽ സർവീസിൽ ഉണ്ടാകുമായിരുന്നെങ്കിലുള്ള മുഴുവൻ ആനുകൂല്യങ്ങളും നൽകണമെന്നുമാവശ്യപ്പെട്ടു കൊണ്ട് ടിയാൻ സമർപ്പിച്ച 23.04.2016-ലെ അപേക്ഷ പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. ആയഞ്ചേരി ഗ്രാമ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന 28.09.2016-ൽ അന്തരിച്ച ശ്രീനിവാസനെതിരെയുണ്ടായിരുന്ന CC 32/86, CC 33/86, CC 34/86 എന്നീ കേസുകളിൽ, പ്രോസിക്യൂഷൻ അനുമതി ഇല്ലാതെ നടത്തിയ വിചാരണ നടപടികൾ ക്രമവിരുദ്ധമെന്ന് വിലയിരുത്തി പ്രസ്തുത കേസുകൾ തള്ളി, 30.06.1998-ൽ ബഹു. സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) കോടതി കോഴിക്കോട് ടിയാനെ ഡിസ്ചാർജ് ചെയ്ത് ഉത്തരവായിരുന്നു. ഇതിനെതിരെ സർക്കാർ ഫയൽ

ചെയ്ത റിവിഷൻ പെറ്റീഷൻ ഡിസ്മിസ് ചെയ്ത് 03.6.2022-ൽ ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു.

3. ശ്രീനിവാസന് 07.02.1963 മുതൽ 31.12.1989 വരെയുള്ള സേവന കാലയളവിൽ 20 വർഷത്തെ യോഗ്യത സേവനകാലയളവാണ് പെൻഷന് കണക്കാക്കിയിട്ടുള്ളത്. 08.02.1983 മുതൽ 31.12.1989 വരെയുള്ള സസ്പെൻഷൻ കാലയളവ് റഗുലറൈസ് ചെയ്യാത്തതിനാൽ പെൻഷനുള്ള യോഗ്യതാ കാലയളവ് കണക്കാക്കുന്നതിന് പരിഗണിച്ചിട്ടില്ലാത്തതാണ്. ടിയാനെതിരെയുള്ള കേസുകൾ തള്ളിയ സാഹചര്യത്തിൽ, യോഗ്യതാ കാലയളവ് കണക്കാക്കുന്നതിന് പരിഗണിക്കാതിരുന്ന 08.02.1983 മുതൽ 31.12.1989 വരെയുള്ള സസ്പെൻഷൻ കാലയളവ് യോഗ്യതാ കാലയളവ് കണക്കാക്കുന്നതിന് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാന്റെ മകനായ ശ്രീ. വി. സുനിൽ സമർപ്പിച്ച പരാമർശം (3) അപേക്ഷ പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയഞ്ചേരി ഗ്രാമ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന 28.09.2016-ൽ അന്തരിച്ച ശ്രീനിവാസനെതിരെയുണ്ടായിരുന്ന C 32/86, CC 33/86, CC 34/86 എന്നീ കേസുകളിൽ ടിയാനെ ഡിസ്ചാർജ് ചെയ്ത് വിജിലൻസ് കോടതി ഉത്തരവായ സാഹചര്യത്തിലും, റിവിഷൻ പെറ്റീഷൻ ഡിസ്മിസ് ചെയ്ത് 03.6.2202-ൽ ബഹു. ഹൈക്കോടതി ഉത്തരവായ സാഹചര്യത്തിലും ശ്രീനിവാസന്റെ 08.02.1983 മുതൽ 31.12.1989 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി പെൻഷന് മാത്രം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3. ആയഞ്ചേരി ഗ്രാമപഞ്ചായത്ത് എക്സിക്യുട്ടിവ് ആഫീസറായിരുന്ന വി. ശ്രീനിവാസന്റെ നിയമാനുസൃത അവകാശികൾക്ക് *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. ധനകാര്യ (ഡെവലപ്മെന്റ്) വകുപ്പ് ***(09/10/2025 ലെ 2302636 DEV-3/295/2022-Fin നമ്പർ കുറിപ്പ് പ്രകാരം)***

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/160/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 24-11-2025 05:29:18**

സെക്ഷൻ ഓഫീസർ